"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നം.: E7-38422/12. തീയതി: 2-2-2013.

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം-ശ്രീ.S.L.ശ്യാംശങ്കർ, സൂപ്പർവൈസർ VTC- KSSM-ൽ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് മാതൃ വകുപ്പിൽ പുനർനിയമനം നൽകിയും / ശ്രീ.പി.ഗോപാലകൃഷ്ണൻ നായർ, ലെയ്സൺ ഓഫീസർ, എറണാകുളം റിവർട്ട് ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ശ്രീ.S.L.ശ്യാംശങ്കർ, സൂപ്പർവൈസർ, VTC (ഇപ്പോൾ KSSM-ൽ ഡെപ്യൂട്ടേഷൻ)യുടെ 1.1.2013ലെ അപേക്ഷ.

2. ഈ കാര്യാലയത്തിലെ 30.11.2012ലെ ഇതേ നമ്പർ ഉത്തരവ്.

ഈ വകുപ്പിൽ കോഴിക്കോട് VTC സൂപ്പർവൈസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുകയും KSSM-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടരാൻ അനുവദിക്കുകയും ചെയ്ത ശ്രീ.S.L.ശ്യാംശങ്കറിന്റെ ഡെപ്യൂട്ടേഷൻ കാലാവധി 5.2.13-ൽ അവസാനിക്കുകയാണ്. പരാമർശം (1) പ്രകാരം ശ്രീ.S.L.ശ്യാംശങ്കർ ഡെപ്യൂട്ടേഷനിൽ തുടരാൻ ആഗ്രഹമില്ലായെന്നും മാതൃവകുപ്പിലേയ്ക്ക് തിരികെ വരണമെന്നും കാണിച്ച് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് പരാമർശം 2 പ്രകാരം ശ്രീ.S.L.ശ്യാംശങ്കറിന്റെ ഡെപ്യൂട്ടേഷൻ ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ലെയ്സൺ ഓഫീസർ തസ്തികയിൽ നിയമിച്ച ശ്രീ.പി.ഗോപാലകൃഷ്ണൻ നായരെ റിവർട്ട് ചെയ്തും ഹെഡ് അക്കൗണ്ടന്റായി നിലവിൽ ഒഴിവുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റിലേയ്ക്ക് നിയമിച്ചുകൊണ്ടും, ശ്രീ.S.L.ശ്യാംശങ്കറിനെ ലെയ്സൺ ഓഫീസർ തസ്തികയിൽ മാതൃവകുപ്പിൽ നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ മതിയായ ജീവനക്കാരില്ലാത്തതിനാൽ വകുപ്പിന്റെ പല പ്രവർത്തനങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ശ്രീ.S.L.ശ്യാംശങ്കറിനെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിലേക്ക് ഭരണപരമായ സൗകര്യാർത്ഥം നിയമിച്ചും ഉത്തരവാകുന്നു.

DB/2013

എറണാകുളം ലെയ്സൺ ഓഫീസറുടെ പൂർണ്ണ അധിക ചുമതല എറണാകുളം ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീ.ജോൺ ജോഷിക്ക് നൽകിയും ഉത്തരവാകുന്നു.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

1. ശ്രീ. ശ്യാംശങ്കർ, അസിസ്റ്റന്റ്, KSSM, തിരുവനന്തപുരം.
2. ശ്രീ. ഗോപാലകൃഷ്ണൻ നായർ, ലെയ്സൺ ഓഫീസർ, ജില്ലാ സാമൂഹ്യനീതി ഓഫീസ്, എറണാകുളം.

പകർപ്പ്:

1. എക്സിക്യൂട്ടീവ് ഡയറക്ടർ, KSSM, Tvpm. (with C/L)
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, എറണാകുളം.
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്